## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3158

22/06/2012-ൽ മറുപടിക്ക്

## ആശ്രയ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.കെ. ബഷീർ | | ഡോ. എം. കെ. മുനീർ<br>പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |
| (എ) അശരണരെ സഹായിക്കുന്നതിനായി കൊണ്ടുവന്ന 'ആശ്രയ' പദ്ധതി കേരളത്തിൽ എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ; | (എ) | 947 ഗ്രാമ പഞ്ചായത്തുകളിലും 46 നഗരസഭകളിലും ഉൾപ്പെടെ 993 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആശ്രയ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട് |
| (ബി) ഇതിന്റെ പ്രധാന ലക്ഷ്യം, പ്രവർത്തനരീതി എന്നിവ വിശദമാക്കുമോ; | (ബി) | സംസ്ഥാനത്ത് 2003 മുതൽ നടപ്പിലാക്കി വരുന്ന അഗതി പുനരധിവാസ പദ്ധതിയാണ് ആശ്രയ. നിരാലംബരും നിരാശ്രയരുമായ അഗതി കുടുംബങ്ങളെ തദ്ദേശഭരണ തലത്തിൽ തന്നെ കണ്ടെത്തി അവർക്ക് ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കുകയെന്നുള്ളതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. സമൂഹത്തിന്റെ മുഖ്യധാരയിൽ ഇടം ലഭിക്കാത്ത നിരാലംബരായ കുടുംബങ്ങളെ കണ്ടെത്തി അടിസ്ഥാന ആവശ്യങ്ങളായ ഭക്ഷണം, വസ്ത്രം, ചികിത്സ തുടങ്ങിയവയും അടിസ്ഥാന സൗകര്യങ്ങളായ വീട്, ശുദ്ധജലം, ശുചിത്വ സംവിധാനം തുടങ്ങിയവയും അടിസ്ഥാന അവകാശങ്ങളായ വിദ്യാഭ്യാസം, തൊഴിലവസരങ്ങൾ, വ്യക്തിത്വ വികസനം തുടങ്ങിയ പരിചരണ സേവനങ്ങളും ആശ്രയ പ്രകാരം ലഭ്യമാക്കുന്നുണ്ട്.<br>കുടുംബശ്രീയുടെ സാമ്പത്തികേതര ക്ലേശഘടകങ്ങൾ ഉപയോഗിച്ച് കണ്ടെത്തുന്ന ഗുണഭോക്താക്കൾക്ക് ഭക്ഷണം, ആരോഗ്യപരിരക്ഷ, വസ്ത്രം, വിദ്യാഭ്യാസം, വീട് തുടങ്ങി ആവശ്യമായതെല്ലാം പ്രസ്തുത പദ്ധതി പ്രകാരം നൽകി വരുന്നു.<br>ഓരോ കുടുംബത്തിനും ആവശ്യമായ പരിചരണ സേവനങ്ങളുടെ പാക്കേജുകൾ മൂന്നു വർഷത്തേയ്ക്ക് തയ്യാറാക്കുന്നു. ഗ്രാമ- ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, സ്പോൺസർഷിപ്പ് തുടങ്ങിയവയിലൂടെ ആവശ്യമായ ഫണ്ട് കണ്ടെത്തുന്നു. സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളുടെ സംയോജനത്തിലൂടെ ഇവർക്ക് ആവശ്യമായ സേവനം ലഭ്യമാക്കുന്നു. പ്രാദേശിക സർക്കാരുകളായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ് പദ്ധതി നടപ്പാക്കുന്നത്. |

(സി) പ്രസ്തുത പദ്ധതി ഇനിയും നടപ്പിലാക്കാത്ത പഞ്ചായത്തുകളുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ?

(സി) 64 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പദ്ധതി നടപ്പിലാക്കിയിട്ടില്ല. അവയിൽ 24 എണ്ണം പദ്ധതി തയ്യാറാക്കി കുടുംബശ്രീ മിഷനിൽ സമർപ്പിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തദ്ദേശ ഭരണ സ്ഥാപനം | ജില്ല | റിമാർക്സ് |
|---|---|---|---|
| 1. | ആറ്റിങ്ങൽ | തിരുവനന്തപുരം | പദ്ധതി സമർപ്പിച്ചിട്ടില്ല |
| 2. | നെയ്യാറ്റിൻകര (നഗരസഭ) | | |
| 3. | കൊല്ലയിൽ | | |
| 4. | തിരുപുറം | | |
| 5. | കരുംകുളം | | |
| 6. | ഉഴമലക്കൽ | | |
| 7. | ചെമ്മരുതി | | |
| 8. | കോട്ടുകാൽ | " | സംസ്ഥാന മിഷനിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട്. |
| 9. | വെമ്പായം | " | പദ്ധതി സമർപ്പിച്ചിട്ടില്ല |
| 10. | കാഞ്ഞിരംകുളം | | |
| 11. | വക്കം | " | പദ്ധതി തിരിച്ചയച്ചു. |
| 12. | മടവൂർ | " | പദ്ധതി സമർപ്പിച്ചിട്ടില്ല |
| 13. | വിതുര | | |
| 14. | ചിറയിൻകീഴ് | | |
| 15. | പഴയകുന്നുമ്മേൽ | " | സംസ്ഥാന മിഷനിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട്. |
| 16. | പാറശാല | " | പദ്ധതി സമർപ്പിച്ചിട്ടില്ല |
| 17. | മാണിക്കൽ | " | ജില്ലാ മിഷനിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട് |
| 18. | ആനാട് | | |
| 19. | കടയ്ക്കാവൂർ | " | പദ്ധതി സമർപ്പിച്ചിട്ടില്ല |
| 20. | ഇടവ | | |
| 21. | ഒറ്റൂർ | | |
| 22. | പള്ളിക്കൽ | | |
| 23. | തിരുവനന്തപുരം കോർപ്പറേഷൻ | " | സംസ്ഥാന മിഷനിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട് |
| 24. | വർക്കല നഗരസഭ | " | പദ്ധതി സമർപ്പിച്ചിട്ടില്ല |
| 25. | നെടുമങ്ങാട് നഗരസഭ | | |
| 26. | നന്നമുക്ക് | മലപ്പുറം | സംസ്ഥാന മിഷനിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട് |

| | | | |
|---|---|---|---|
| 27. | വട്ടംകുളം | മലപ്പുറം | ജില്ലാ മിഷനിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട് |
| 28. | കാലടി | | |
| 29. | മാറാക്കര | " | സംസ്ഥാന മിഷനിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട് |
| 30. | എരിമ്പിളിയം | " | പദ്ധതി സമർപ്പിച്ചിട്ടില്ല |
| 31. | ആദവനാട് | " | സംസ്ഥാന മിഷനിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട് |
| 32. | പുറത്തൂർ | " | പദ്ധതി സമർപ്പിച്ചിട്ടില്ല |
| 33. | മംഗലം | " | സംസ്ഥാന മിഷനിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട് |
| 34. | ചെറിയമുണ്ടം | " | ജില്ലാ മിഷനിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട് |
| 35. | വളവന്നൂർ | | |
| 36. | പെരുവാല്ലൂർ | " | പദ്ധതി സമർപ്പിച്ചിട്ടില്ല |
| 37. | പറപ്പൂർ | " | പദ്ധതി സമർപ്പിച്ചിട്ടില്ല |
| 38. | തെന്നല | " | ജില്ലാ മിഷനിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട് |
| 39. | ഒതുക്കുങ്ങൽ | " | പദ്ധതി സമർപ്പിച്ചിട്ടില്ല |
| 40. | പൊന്മല | | |
| 41. | വെട്ടത്തൂർ | " | സംസ്ഥാന മിഷനിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട് |
| 42. | ആലിപ്പറമ്പ് | | |

| | | | |
|---|---|---|---|
| 43. | തൃക്കലങ്ങാട് | മല പ്പുറം | പദ്ധതി സമർപ്പിച്ചിട്ടില്ല |
| 44. | കുഴിമണ്ണ | | |
| 45. | മഞ്ചേരി | | |
| 46. | അരീക്കോട് | " | സംസ്ഥാന മിഷനിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട് |
| 47. | ഒഴൂർ | " | പദ്ധതി തിരിച്ചയച്ചു. |
| 48. | മീഞ്ച | കാസർ ഗോഡ് | പദ്ധതി സമർപ്പിച്ചിട്ടില്ല |
| 49. | വർക്കടി | | |
| 50. | മഞ്ചേശ്വരം | | |
| 51. | മൂന്നാർ | ഇടു ക്കി | പദ്ധതി സമർപ്പിച്ചിട്ടില്ല |
| 52. | ചിന്നകനാൽ | | |
| 53. | ദേവികുളം | | |
| 54. | വട്ടവട | | |
| 55. | ഇരാറ്റുപേട്ട | കോട്ട യം | പദ്ധതി സമർപ്പിച്ചിട്ടില്ല |
| 56. | ചങ്ങനാശ്ശേരി (നഗരസഭ) | " | ജില്ലാ മിഷനിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട് |
| 57. | പാല | " | സംസ്ഥാന മിഷനിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട് |
| 58. | നെടുംകുന്നം | | |
| 59. | വാരാന്തരപ്പള്ളി | തൃശൂർ | പദ്ധതി സമർപ്പിച്ചിട്ടില്ല |
| 60. | അരിമ്പൂർ | " | ജില്ലാ മിഷനിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട് |
| 61. | കടവാളൂർ | " | പദ്ധതി സമർപ്പിച്ചിട്ടില്ല |
| 62. | ചൂണ്ടൽ | " | പദ്ധതി സമർപ്പിച്ചിട്ടില്ല |
| 63. | മുട്ടാർ | ആല പ്പുഴ | ജില്ലാ മിഷനിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട് |
| 64. | സുൽത്താൻ ബത്തേരി | വയ നാട് | സംസ്ഥാന മിഷനിൽ പദ്ധതി സമർപ്പിച്ചിട്ടുണ്ട് |

സെക്ഷൻ ഓഫീസർ